പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1223** **02/03/2017-ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഡി.കെ.മുരളി | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

<u>എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ക്രമക്കേട്</u>

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അദ്ധ്യാപകേതര നിയമനങ്ങളിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര നിയമനങ്ങളിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഒരു ഒഴിവിൽതന്നെ ഒന്നിലധികം പേരെ പലപ്പോഴായി നിയമിക്കുക, നിയമനത്തിന് മുൻഗണനാവകാശമുള്ളവരെ നിയമിക്കാതിരിക്കുക, ഒഴിവ് എസ്റ്റാബ്ലിഷ് ചെയ്യപ്പെടുന്നതിനു മുമ്പ് നിയമനം നടത്തുക തുടങ്ങിയ നീതീകരണമില്ലാത്ത പ്രവർത്തികൾ ചില മാനേജർമാരുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്നുണ്ട്. |
| (ബി) ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) നിയമനങ്ങളെ സംബന്ധിച്ച് കെ.ഇ.ആർ-ൽ വ്യക്തമായ ചട്ടങ്ങൾ ഇപ്പോൾതന്നെ നിലവിലുണ്ട്. ചട്ടങ്ങളും ഉത്തരവുകളും അനുസരിക്കാതെ നടത്തുന്ന നിയമനങ്ങളാണ് പിൽക്കാലത്ത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. വ്യവസ്ഥകൾ അനുസരിക്കാതെ മാനേജർമാരെ അയോഗ്യരാക്കുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ വകുപ്പിന് അധികാരമുണ്ട്. |
| (സി) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ പി.എസ്.സി.മുഖാന്തിരമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) എയ്ഡഡ് സ്കൂൾ നിയമനങ്ങൾ പി.എസ്.സി.വഴിയാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ